# ജൈവ കൃഷിയും സുസ്ഥിരഉപജീവനവും

## പരിശീലകർക്കുള്ള പരിശീലന പരിപാടി

## (Training of Trainers on Agroecology and sustainable livelihood)

## ആമുഖം

**ജൈവ**കൃഷിയും പ്രകൃതിക്ക് അനുയോജ്യമായിട്ടുള്ള ജൈവ ജീവിതരീതീകളും സുസ്ഥിര തൊഴിൽ സാധ്യതകളും പ്രോൽസാഹിപ്പിക്കുക എന്നത് തണൽ എന്ന പരിസ്ഥിതി സാമൂഹിക സംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി ജൈവകൃഷിയെക്കുറിച്ചും അതിലൂടെ സുസ്ഥിര തൊഴിൽ സാധ്യതകളെക്കുറിച്ചും പരിശീലനം നൽകാൻ കഴിവുള്ള വിദഗ്ധരുടെ വലിയ ഒരാവശ്യം ഇന്നു കേരളത്തിലുണ്ട്. 'ജൈവകൃഷിയും സുസ്ഥിര ഉപജീവനവും' എന്ന വിഷയങ്ങളിൽ തണൽ ഒരു പരിശീലന പരിപാടി തുടങ്ങുകയാണ്.

നബാർഡിന്റെ സഹായത്തോടെ തുടങ്ങുന്ന ഈ പദ്ധതിയുടെ ആദ്യ രണ്ട് പരിശീലനങ്ങൾ തിരുവനന്തപുരം ജില്ലയിലും തൃശൂർ ജില്ലയിലും സംഘടിപ്പിക്കുന്നു.

അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ ജൈവകൃഷിരീതികളെക്കുറിച്ചും മണ്ണിന്റെ ആരോഗ്യത്തെക്കുറിച്ചും ചെടികൾക്കുണ്ടാകുന്ന കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും, രാസകീടനാശിനികളും അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തെക്കുറിച്ചും പി.ജി.എസ്സ് സർട്ടിഫിക്കേഷന്റെ സാധ്യതകളെക്കുറിച്ചും പ്രതിപാദിക്കുന്നു.

## തൃശ്ശൂർ

**സ്ഥലം: മൂഴിക്കുളംശാല, മൂഴിക്കുളം**

**തീയതി: 14 ഫെബ്രുവരി മുതൽ 18 ഫെബ്രുവരി 2016 വരെ**